**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 313** | **28-06-2024 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ എം എസ് അരുൺ കുമാർ, ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും വിദേശരാജ്യങ്ങളിലേയ്ക്ക് തൊഴിൽ, ബിസിനസ്സ്, പഠനം തുടങ്ങിയവയ്ക്കായി പോകുന്ന അവസരത്തിൽ വിദ്യാഭ്യാസ-വ്യക്തിഗത വിവരങ്ങൾ അടങ്ങിയ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി നോർക്ക റൂട്ട്സ് വഴി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | തൊഴിൽ/വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് വിദേശത്തേക്ക് പോകേണ്ടി വരുമ്പോൾ കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസ വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളും വിവിധ അഫിഡവിറ്റുകൾ, പവർ ഓഫ് അറ്റോണി തുടങ്ങിയവയും സാക്ഷ്യപ്പെടുത്തുന്നതിലേക്കായി നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിലും ജില്ലാ സെല്ലുകളിലും സൗകര്യ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ ആധുനിക ഹൈ സെക്യൂരിറ്റി ഹോളോഗ്രാം എംബഡഡ് ക്യൂ ആർ ആലേഖനം ചെയ്ത എച്ച്ആർഡി ലേബലുകൾ എന്നീ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പരിഷ്ക്കരിച്ചിട്ടുണ്ട്.<br><br>വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകൾ നോർക്ക-റൂട്ട്സിന്റെ മേഖലാ ഓഫീസുകളിലും ജില്ലാ സെന്ററുകളിലും സ്വീകരിച്ച് ഗവ.സെക്രട്ടേറിയറ്റിലെ ആഭ്യന്തര അറ്റസ്റ്റേഷൻ വിഭാഗം വഴി സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്.<br><br>സാക്ഷ്യപ്പെടുത്തുന്ന വിദ്യാഭ്യാസ /വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളിൽ അതാത് എംബസി/ അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ ചെയ്താൽ മാത്രമേ സാക്ഷ്യപ്പെടുത്തൽ നടപടികൾ പൂർത്തിയാവുകയുള്ളൂ. |
| (ബി) | കേന്ദ്ര-മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗ-നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാന സർക്കാർ വിശദമായ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(കൈ) 4/2021/നോർക്ക തീയതി 12.03.2021 പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സർട്ടിഫിക്കറ്റ് ഓതന്റിഫിക്കേഷൻ സെന്ററുകളുടെ സേവനം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററുകളു സേവനം കൂടുതൽ സുതാര്യവു വേഗത്തിലുമാക്കുന്നതിനായി അറ്റസ്റ്റേഷ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാന നിലവിലുണ്ട്. വിവിധ അറ്റസ്റ്റേഷ സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക ഓൺലൈൻ രജിസ്റ്റർ ചെയ്ത അപ്പോയിന്റ്മെന്റ് എടുത്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. യു.എ.ഇ., സൗദ അറേബ്യ, ഖത്തർ, ഒമാൻ, കുവൈറ്റ്, ഇറാഖ് വിയറ്റ്നാം എന്നീ രാജ്യങ്ങളിലേക്കുള്ള എംബസ്സി അറ്റസ്റ്റേഷൻ സേവനങ്ങളും 12( രാജ്യങ്ങളിലേയ്ക്കായി അപ്പോസ്റ്റെ അറ്റസ്റ്റേഷൻ സേവനങ്ങളും നോർക്ക-റൂട്ട്സ ഓഫീസുകൾ വഴി ലഭ്യമാണ്. സുരക്ഷ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ആധുനിക ഹൈസെക്യൂരിറ്റി ഹോളോഗ്രാം എംബഡഡ ക്യൂ.ആർ. ആലേഖനം ചെയ്ത് എച്ച്.ആർ.ഡ സീലുകൾ നവീകരിച്ചിട്ടുണ്ട്. ക്യൂ.ആർ കോഡ ആലേഖനം ചെയ്ത അറ്റസ്റ്റേഷൻ ട്രാക്ക് ആന്റ ട്രേസ് സംവിധാനം ഉള്ളതാണ്. സർട്ടിഫിക്ക സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ കേന്ദ്രം, സർട്ടിഫിക്ക ഉടമയുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ എൻക്രിപ്റ്റ് ചെയ്ത് ക്യൂ.ആർ-ൽ രേഖപ്പെടുത്തും. ആയത എംബസ്സികൾക്കോ മറ്റ് ഏജൻസികൾക്കോ സർട്ടിഫിക്കറ്റുകളുടെ ആധികാരികത വളരെ വേഗം ഉറപ്പാക്കാൻ സഹായകരമാണ്. |
| (ഡി) | ഇത്തരം സെന്ററുകൾ നിലവിൽ എവിടെയെല്ലാമാണ് ഉള്ളതെന്നും അവയുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ? | (ഡി) | വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തലിനായി സെന്ററുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കു-ന്നുണ്ട്. വിദ്യാഭ്യാസേതര / വ്യക്തി വിവര സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തലിനായി അപേക്ഷകൾ നോർക്ക-റൂട്ട്സ് മേഖലാ ഓഫീസുകളിലും ജില്ലാ സെല്ലുകൾ മുഖാന്തരവും സമർപ്പിക്കുന്നതിന് സംവിധാനം ഉണ്ട്. ആയത് നോർക്ക ഓഫീസുകളിൽ സ്വീകരിച്ച് തിരുവനന്തപുരം സെക്രട്ടേറിയറ്റിലെ ആഭ്യന്തര അറ്റസ്റ്റേഷൻ വിഭാഗം വഴി സാക്ഷ്യപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ